**517**

ആനന്ദം ആനന്ദമേ ക്രിസ്ത്യജീവിതം ആനന്ദമേ
ആനന്ദം ആനന്ദമേ ഇതു സൗഭാഗ്യജീവിതമേ

1 അവനെയമിതം സ്നേഹിപ്പാൻ അധികം തരും ശോധനയിൽ
അനുഗ്രഹം ലഭിക്കും ആകുലമകറ്റും അവൻ സന്നിധി മതിയെനിക്ക്

2 ബലഹീനതയിൽ കൃപ നൽകി പുലർത്തും എന്നെ വഴി നടത്തും
പലതിനെ നിനച്ചു വിലപിച്ചു ഹൃദയം കലങ്ങിടുകയില്ലിനി ഞാൻ-

3 മരുവിൻ വെയിലിൽ തളരാതെ മറയ്ക്കും തന്റെ ചിറകടിയിൽ
തിരുമാർവ്വിലെന്നെയണച്ചിടും സ്നേഹക്കൊടിയെൻമീതെ വിരിച്ചിടുന്നു

4 ജഡികസുഖങ്ങൾ വിട്ടോടി ജയിക്കും ശത്രുസേനകളെ
ജയവീരനേശുവെന്നധിപതിയല്ലോ ഭയമെന്നിയേവസിച്ചിടും ഞാൻ-

**C.J.**